## പതിനാലാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 893

30.11.2018 ന് മറുപടിയ്ക്ക്.

### കാട്ടാനവേട്ട തടയുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.യു.ആർ.പ്രദീപ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് 2017 ലും, 2018 നാളിതുവരെയും എത്ര വീതം കാട്ടാനകൾ ചരിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് 2017-ൽ 110-ഉം, 2018 നാളിതുവരെ 105-ഉം കാട്ടാനകൾ ചരിഞ്ഞിട്ടുണ്ട്. |
| (ബി) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ചരിഞ്ഞ കാട്ടാനകളുടെ എണ്ണം എടുത്താൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ആണ് അത് കൂടുതൽ എന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) കാട്ടാനകളുടെ മരണം കൂടി വരുന്നതിന്റെ മുഖ്യ കാരണം അവയെ വേട്ടയാടുന്നതാണ് എന്ന മാധ്യമ വാർത്തയിൽ വാസ്തവം ഉണ്ടോ; ഉണ്ടെങ്കിൽ കാട്ടാന വേട്ട അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) കാട്ടാനകളുടെ മരണം കൂടിവരുന്നതിന്റെ മുഖ്യ കാരണം അവയെ വേട്ടയാടുന്നതാണ് എന്ന മാധ്യമ വാർത്തയിൽ വാസ്തവം ഇല്ല. കാട്ടാനകൾ ചരിയുന്നത് കൂടുതലായും വളരെ ചെറിയ പ്രായത്തിലും, അല്ലെങ്കിൽ പ്രായാധിക്യവും രോഗവും കാരണവുമാണ്. എന്നാൽ 2015-ൽ മലയാറ്റൂർ ഡിവിഷൻ പരിധിയിൽ കാട്ടാനവേട്ട നടന്നിട്ടുണ്ട്. ഈ വിഷയത്തിന്മേൽ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ